# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4933

04-07-2012 ൽ മറുപടിക്ക്

## എക്സൈസ് മോഡണൈസേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. പി.എ.മാധവൻ :<br>ശ്രീ. റ്റി.എൻ.പ്രതാപൻ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് മോഡണൈസേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഞ്ച് ഓഫീസുകളിലും പുതുതായി വാഹനം അനുവദിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) എക്സൈസ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി, റേഞ്ച് ആഫീസുകൾ ഉൾപ്പെടെയുള്ള ഫീൽഡ് ആഫീസുകൾക്ക്, കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി, 1,46,33,694/- രൂപ ചെലവിൽ, 33 മഹീന്ദ്ര ജീപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പഴയ വാഹനങ്ങൾ മാറ്റി പുതിയവ നൽകുന്നതാണ്. നിലവിൽ 2000-ാം വർഷംവരെയുള്ള പഴയ വാഹനങ്ങൾ മാറ്റി നൽകിയിട്ടുണ്ട്. |
| ബി) ഇതിനായി പുതുതായി വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ ; എങ്കിൽ വാഹനങ്ങൾക്കായി എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | ബി) ഉണ്ട്. 33 ജീപ്പുകൾക്കായി ആകെ 1,46,33,694/- രൂപ ചെലവഴിച്ചു. |
| സി) വാഹനത്തോടൊപ്പം മറ്റെന്തെങ്കിലും ആധുനിക സംവിധാനങ്ങളോ ഉപകരണങ്ങളോ എക്സൈസ് ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | സി) 3,91,192/- രൂപ ചെലവിൽ, 891 റിഫ്ലക്റ്റീവ് ജാക്കറ്റുകളും, 16,46,100/- രൂപ ചെലവിൽ, 620 സെർച്ച് ടോർച്ചുകളും, 6,72,642/- രൂപ ചെലവിൽ, 420 കൈവിലങ്ങുകളും, 4,61,537 രൂപ ചെലവിൽ, 600 ഹെൽമറ്റുകളും, 375 ഉദ്യോഗസ്ഥർക്ക് ഔദ്യോഗിക മൊബൈൽ കണക്ഷനുകളും, 8,53,122 രൂപ ചെലവിൽ, 26000 വെടിയുണ്ടകളും വാങ്ങുകയും, അതോടൊപ്പം, വകുപ്പിൽ വാങ്ങി സൂക്ഷിച്ചിരുന്ന 110 പിസ്റ്റലുകളും കൂടി ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുകയും ചെയ്തു. ടി വെടിയുണ്ടകളും പിസ്റ്റലുകളും സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി 33,21,340/- രൂപ ചെലവിൽ, 110 ഗോദ്റേജ് ചെസ്റ്റുകൾ വാങ്ങി എക്സൈസ് റേഞ്ച് ആഫീസുകൾക്ക് നൽകിയിട്ടുണ്ട്. |

ചെക്ക് പോസ്റ്റുകളിലേക്ക് ഉപയോഗിക്കുന്നതിനായി, ട്രോളി ലേഡർ, മാസ്ക്, റെയിൻകോട്ട് എന്നിവ വാങ്ങുന്നതിന്, 13-04-2012 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 291/2012/റ്റി.ഡി എന്ന ഉത്തരവിനാൽ സർക്കാർ അനുമതി ലഭ്യമാക്കിയതു പ്രകാരം, ആയവ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ, 21 ഡിജിറ്റൽ ക്യാമറകളും, 468 സിഗ്നൽ ബാറ്റണുകളും വാങ്ങുന്നതിന് അനുമതി നൽകുകയും, ആയതും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 215 Digital Weighing Machines, ആകെ 7,23,475/- രൂപയ്ക്ക് വാങ്ങുന്നതിനും, 10-05-2012 ലെ സ.ഉ.(സാധാ) നമ്പർ 346/12/റ്റി.ഡി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള തുടർ നടപടികൾ നടന്നു വരുന്നു.

| | | | |
|---|---|---|---|
| ഡി) | എക്സൈസ് മോഡണൈസേഷന്റെ ഭാഗമായി ആധുനിക ഉപകരണങ്ങൾ / വാഹനങ്ങൾ എന്നിവ എക്സൈസ് സേനയ്ക്ക് നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ